**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2737** **14-09-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പൊതു മേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉത്പന്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | **വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെയും അവയുടെ ഉത്പ്പന്നങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | വ്യവസായ വകുപ്പിന് കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ വിശദ വിവരം അറിയിക്കാമോ; | (ബി) | വ്യവസായ വകുപ്പിന് കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പൊതു മേഖലാ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (സി) | 2023-24 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (സി) | **2023-24 കാലയളവിൽ പാലക്കാട് ജില്ലയിൽ 9000 സംരംഭങ്ങൾ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കമ്പനിയുടെ പേര് | ഉൽപ്പന്നങ്ങൾ |
|---|---|---|
| 1. | മലബാർ സിമന്റ്സ് ലിമിറ്റഡ് - മലമ്പുഴ | ഗ്രേ സിമന്റ്സ് ഉദ്പ്പാദനം. |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | കാർഷിക ഉപകരണങ്ങൾ, കട്ട്ലറി, ഓഫീസ് - സ്കൂൾ - ഹോസ്പിറ്റൽ ഫർണിച്ചറുകൾ, ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ട്രോളി, വീൽ ബാരോ, വേസ്റ്റ് ബിൻസ്, സെഗ്രിഗേഷൻ ടേബിൾ, സെഗ്രിഗേഷൻ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റീസ് മുതലായവ. |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചുവടെ പറയുന്ന യൂണിറ്റുകളും പാലക്കാട് ജില്ലയിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

| | | |
|---|---|---|
| 1. | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്(SIFL)ന്റെ ഫോർജിംഗ് യൂണിറ്റ്, ഷൊർണ്ണൂർ | SIFL-ന്റെ അത്താണി യൂണിറ്റിൽ ഉത്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മെഷിനിംഗ് വർക്കാണ് ഈ യൂണിറ്റിൽ ചെയ്യുന്നത്. മെറ്റൽ ഇൻഡസ്ട്രീസിന്റെ ഷൊർണ്ണൂർ ഉള്ള സ്ഥലത്ത് നിന്നും മൂന്ന് ഏക്കർ സ്ഥലം ലീസിന് എടുത്താണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. |
| 2. | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL)യുടെ ഒലവക്കോട് ഉള്ള യൂണിറ്റ് | KEL-ന്റെ ഒരു ഉത്പാദന യൂണിറ്റ് ഒലവക്കോട് ഉള്ള സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. ഫ്യൂസ് യൂണിറ്റ് സ്വിച്ച് ഗിയർ തുടങ്ങിയ ഉല്പന്നങ്ങൾ |

| | | |
|---|---|---|
| | | ആയിരുന്നു മുൻപ് നിർമ്മിച്ചിരുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന സൗകര്യങ്ങൾ നവീകരിച്ച് എൽ ഇ ഡി ലൈറ്റുകളുടെ ഉൽപാദനം നിലവിൽ നടന്നുവരുന്നു.<br>സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റിൽ വാടക കെട്ടിടത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത് |
| 3. | സിൽക്കിന്റെ ഒറ്റപ്പാലത്തുള്ള ഫൗണ്ടറി യൂണിറ്റ് | സിൽക്കിന്റെ ഫൗണ്ടറി യൂണിറ്റ് പാലക്കാട് ജില്ലയിൽ പാലപ്പുറത്ത് എന്ന് സ്ഥലത്ത് പ്രവർത്തിക്കുന്നു.<br>ഫൗണ്ടറി യൂണിറ്റിൽ വാട്ടർ അതോറിറ്റിക്ക് വേണ്ടുന്ന വാൾ കാസ്റ്റിംഗ്, ജോയിൻസ്, സി ഐ ആർ ജോയിന്റ്സ്, കാസ്റ്റ് അയൺ പൈപ്പ്സ്, കാസ്റ്റിംഗ് റോളേഴ്സ് എന്നിവയും മാൻഹോൾ കവർ, ഫ്ലൈ വീൽ മുതലായവയും ഉല്പാദിപ്പി-ക്കുന്നുണ്ട്. |
| 4. | കെൽപാമിന്റെ കല്ലേപ്പുള്ളി യൂണിറ്റ് | കെൽപാമിന്റെ പാലക്കാട് ഉള്ള കല്ലേപ്പുള്ളിയിൽ ഒരു റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല |
| 5. | കേരള സിഡ്കോയുടെ നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിൽ സിഡ്കോ മാർക്കറ്റിംഗ് സെന്റർ, സിഡ്കോ റോ മെറ്റീരിയൽ ഡിപ്പോ, വ്യവസായ എസ്റ്റേറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br>സിഡ്കോയുടെ സ്വന്തമായുള്ള പ്രൊഡക്ഷൻ യൂണിറ്റ് പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നില്ല. | |

Divya

സെക്ഷൻ ഓഫീസർ